HON'BLE MR. K. M. KORAH : അങ്ങനെ അറിവില്ല.

MR. P. NANOO : നെല്ല് സൂക്ഷിക്കുന്നതിന് അറ്റകുറ്റപ്പണി കൊടുക്കേണ്ടതിലേക്ക് ഈ ചെലവു ചെയ്യേണ്ടതാവശ്യമാണെന്ന ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

HON'BLE MR. K. M. KORAH : ഉണ്ട്.

MR. P. NANOO : അങ്ങനെ കൊടുക്കുന്ന തുക ആ സൂക്ഷിപ്പുകാർക്കു കിട്ടുന്നില്ലെന്നറിയാമോ ?

HON'BLE MR. K. M KORAH : അറിവില്ല.

MR. P. NANOO : ഈ സംഖ്യ ഇനിയെങ്കിലും താലൂക്കിൽനിന്നും കൊടുക്കുവാൻ ഏർപ്പാടുചെയ്യുമോ ?

HON'BLE MR. K. M. KORAH : അതേപ്പറ്റി ആലോചിക്കാം.

MR. P. NANOO : പിരിവിനത്തിൽ കൊടുക്കേണ്ട എല്ലാ തുകകളും താലൂക്കിൽനിന്ന് കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുമോ?

HON'BLE MR. K. M. KORAH : എല്ലാ തുകകളും കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നതു ചിലപ്പോൾ വിഷമകരമായിരിക്കും.

Production of paddy.

256. MR. K. R. ELANKATH (*Trivandrum IV—General*) : Will the Honourable Minister for Agriculture be pleased to state:

(*a*) whether there is any data as to the production of paddy in the various taluks of the State, the quality of paddy produced in various kinds of soil etc., and

(*b*) whether there is any agency engaged in such works ?

HON'BEL MR. K. M. KORAH : (a) No,
(b) No.

MR. K. R. ELANKATH : ഏതിനത്തിലാണ് പ്രതിവർഷം ഈ കൂടുതൽ നെല്ലുകിട്ടുന്നു എന്നു കണക്കെടുക്കുന്നതു് ?

HON'BLE MR. K. M. KORAH : ഇപ്പോൾ എടുത്തുവരുന്നതു് പണ്ടത്തെ കണ്ടെഴുത്തുകാലത്തു് കിട്ടിയിട്ടുള്ള ഒരു ഡാറ്റാ അനുസരിച്ചാണ്. അതു ശരിയല്ലെന്നു കണ്ടിട്ടാണു കണക്കെടുക്കുവാൻ ഒരു പ്രൊഡക്ഷൻ സ്റ്റാഫിനെ ഏർപ്പെടുത്തിയതു്.

MR. K. R. ELANKATH : ബി-യിൽ ചോദിച്ചിരിക്കുന്ന പ്രകാരം ഒരു ഏജൻസിയുടെ ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. M. KORAH : പ്രൊഡക്ഷൻ സ്റ്റാഫുള്ളതുകൊണ്ടു പ്രത്യേകം ഒരു ഏജൻസി വേണമെന്നു തോന്നുന്നില്ല.

Pattini thodu.

257. MR. ALEXANDER VAKAYIL (*Parur II—Latin Catholic*) : Will the Honourable Minister for Public Works be pleased to state:

(*a*) Whether the Government are aware of the serious inconvenience and hardship caused to boat journey through the Pattini thodu in the Parur taluk;

(*b*) if so, will the Government see to the widening and deepening of this canal which leads to the Parur town; and

(*c*) has any amount been sanctioned for this purpose?

HON'BLE MR. A. ATCHUTHAN : (a) Yes
(b) Yes.
(c) Yes.

MR. ALEXANDER VAKAYIL : എന്തു സംഖ്യയാണ് ഇതിൽ കൊള്ളിച്ചിരിക്കുന്നതെന്നു പറയാമോ ?

HON'BLE MR. A. ATCHUTHAN : മൂവായിരം രൂപാ.

MR. ALEXANDER VAKAYIL : ഏതു കൊല്ലത്തെ ബഡ്ജറിലാണു കൊള്ളിച്ചിരിക്കുന്നതു് ?

HON'BLE MR. A. ATCHUTHAN : ഈ കൊല്ലത്തെ ബഡ്ജറിൽ.

MR. PAUL THALIAT : കഴിഞ്ഞ കൊല്ലത്തെ ബഡ്ജറിൽ ൪,൦൦൦ രൂപാ ഈ പണിക്കുവേണ്ടി നീക്കിവച്ചതായി ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. ATCHUTHAN : ൪,൦൦൦ രൂപാ നീക്കിവച്ചിരുന്നു.

MR. PAUL THALIAT : ഈ സംഖ്യ മുഴുവൻ ഫണ്ടിൽ ചെലവു ചെയ്യോ ?

HON'BLE MR. A. ATCHUTHAN : ഇല്ല. ചെലവുചെയ്യുകയാണ് ൩൦൦൦ രൂപാ എന്നു ഞാൻ പറഞ്ഞതു്.

MR. ALEXANDER VAKAYIL : ഈ പണി എന്നു പൂർത്തിയാക്കാമെന്നാണു ഗവണ്മെൻറു കരുതുന്നതു് ?

HON'BLE MR. A. ATCHUTHAN : വേനൽകാലത്തുമാത്രമെ തോടു കുഴിക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ കണ്ട്രാക്ടർമാർ ആരും മുൻപോട്ടു വന്നില്ല. അതുകൊണ്ടാണു പണിക്കു താമസം നേരിട്ടതു്.

LIBRARY ARCHIVES Kerala Legislative Assembly